# പതിമൂന്നാം കേരളനിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 161** — **01.12.2014 -ലെ മറുപടിക്ക്**

## മണൽ കടത്ത് കേസ്

| ചോദ്യം<br>ശ്രീ. ടി.വി. രാജേഷ് | | മറുപടി<br>ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | വളപട്ടണം പോലീസ് സ്റ്റേഷനിൽ മുൻ എം.പി. കെ. സുധാകരൻ പ്രതിയായി രജിസ്റ്റർ ചെയ്തിട്ടുള്ള മണൽ കടത്തുമായി ബന്ധപ്പെട്ട കേസ് പിൻവലിക്കാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ; പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | മണൽ കടത്തുമായി ബന്ധപ്പെട്ട് മുൻ എം.പി. ശ്രീ.കെ.സുധാകരൻ പ്രതിയായി വളപട്ടണം പോലീസ് സ്റ്റേഷനിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടില്ല |
| (ബി) | മണൽ കടത്തുമായി ബന്ധപ്പെട്ട് പോലീസ് എടുത്ത കേസിലെ പ്രതികൾ ആരൊക്കെയായിരുന്നു; സ്റ്റേഷനിൽ എത്തി പോലീസിനെ കയ്യേറ്റം ചെയ്തവർ ആരൊക്കെയായിരുന്നു; എം.പി. ആയിരുന്ന സുധാകരനും സ്റ്റേഷനിൽ ഡ്യൂട്ടിയിലുണ്ടായിരുന്നവരും തമ്മിൽ വാക്കേറ്റമുണ്ടായ പ്രശ്നം എന്തായിരുന്നു; | (ബി) | (1) അബ്ദുൾ സമദ് പി.വി., (2) അബ്ദുൾ ഹമീദ് പി.വി. എന്നിവരാണ് മണൽ കടത്തുമായി ബന്ധപ്പെട്ട് പോലീസ് എടുത്ത കേസ്സിലെ പ്രതികൾ. പോലീസിനെ കൈയ്യേറ്റം ചെയ്ത കേസ്സിലെ പ്രതികൾ (1) കല്ലിക്കോടൻ രാകേഷ്, (2) ഷറഫുദീൻ എന്നിവരാണ്. 31.10.2012 ന് 12 മണിക്ക് അനധികൃതമായി മണൽ കടത്തിയതിന് അറസ്റ്റ് ചെയ്ത പ്രതികളെ ബലമായി മോചിപ്പിക്കാൻ വന്ന് പോലീസ് സ്റ്റേഷനിൽ അതിക്രമം കാണിച്ചവരെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ച് ശ്രീ കെ. സുധാകരൻ ഉൾപ്പെടെ എട്ടോളം പേരും കണ്ടാലറിയാവുന്ന നൂറോളം പേരും കുറ്റം ചെയ്യണമെന്ന ഉദ്ദേശത്തോടെ ന്യായവിരോധമായി സംഘം ചേരുകയും പോലീസ് സ്റ്റേഷന്റെ കിഴക്കുംഭാഗം ഗേറ്റിന് മുൻവശം വളപട്ടണം ഭാഗത്തേക്ക് പബ്ലിക് റോഡിൽ കൂട്ടം കൂടി നിന്ന് പ്രകോപനപരമായി മുദ്രാവാക്യം വിളിക്കുകയും ചെയതു. പോലീസ് തടഞ്ഞപ്പോൾ തട്ടിമാറ്റി സ്റ്റേഷൻ കോമ്പൗണ്ടിൽ കയറി സബ്ഇൻസ്പെക്ടറുടെ മുറിയിലിരുന്ന് ജോലി ചെയ്യുകയായിരുന്ന സബ്ഇൻസ്പെക്ടറുടെ ഔദ്യോഗിക കൃത്യനിർവ്വഹണം തടസ്സപ്പെടുത്തുകയും ചെയ്തതിന് മുൻ എം.പി. ശ്രീ.കെ.സുധാകരൻ മൂന്നാം പ്രതിയായി ക്രൈം നമ്പർ 1318/2012 പ്രകാരം ഒരു കേസ്സ് രജിസ്ററർ ചെയ്തിട്ടുണ്ട്. |
| (സി) | കേസ് പിൻവലിക്കാൻ തീരുമാനിച്ചത് എന്തടിസ്ഥാനത്തിലാണ്? | (സി) | കേസ് പിൻവലിക്കാൻ സർക്കാർ തീരുമാനമാനിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ